

# ദർശന

## (സർവ്വീസ്  സൊസൈറ്റി/ക്ലബ്ബ്)

**വാർഷിക റിപ്പോർട്ട്**

**2023-2024**

2017 ഡിസംബർ പത്താം തീയതി ദർശന ക്ലബ്ബ് രൂപീകരിച്ചു. തൃശ്ശൂർ ദേവമാത സ്കൂളിൽ വച്ച് സോളമൻ അച്ചനാൽ രൂപീകരിക്കുകയും 2024 ജനുവരി 19ന് ട്രാവൻകൂർ-കൊച്ചി ആക്ട് പ്രകാരം ദർശന ക്ലബ്ബ് രജിസ്ട്രേഷൻ ചെയ്യപ്പെടുകയും ചെയ്തു. ദർശന ക്ലബ്ബിൻറെ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനു വേണ്ടി 2022 ജനുവരി 19ന് ദർശന സർവ്വീസ് സൊസൈറ്റി ട്രാവൻകൂർ-കൊച്ചി ആക്ട് പ്രകാരം തൃശ്ശൂർ സാഗർഭവൻ കേന്ദ്രീകൃതമായി രജിസ്ട്രേഷൻ നടത്തുകയും ചെയ്തു. ഇതിനായി സഹകരിച്ച സി.എം.ഐ, ദേവമാത, സെൻറ്.പോൾ പ്രവശ്യകളുടെ പ്രൊവിൻഷ്യൽമാരെയും കൗൺസിലഴ്സിനെയും മറ്റു വൈദികരെയും മറ്റെല്ലാവരെയും നന്ദിയോടെ ഇത്തരുണത്തിൽ ഓർക്കുന്നു.

## ഭരണസമിതി അംഗങ്ങൾ:-

- ദർശന സർവീസ് സൊസൈറ്റി ഭരണസമിതി അംഗങ്ങൾ 2023- 2024:-

•പ്രസിഡണ്ട് - റവ.ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ

•വൈസ് പ്രസിഡണ്ട്- ശ്രീ. അഖിൽ കുമാർ

•സെക്രട്ടറി- ശ്രീ. ജോസഫ് അഗസ്റ്റിൻ

•ജോയിൻറ് സെക്രട്ടറി- ശ്രീ. സെബു

•ട്രഷറർ - ശ്രീമതി. ബീന ഡേവിസ്

•മെമ്പേഴ്സ് -ശ്രീമതി. മിനി ഔസേപ്പ്,

ഫാ.ആന്റണി ഫ്രാൻസിസ് സി.എം.ഐ

- ഭരണസമിതി അംഗങ്ങൾ 2024-2025:-

•പ്രസിഡൻറ് - റവ.ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ

•വൈസ് പ്രസിഡൻറ് - അഖിൽ കുമാർ

•സെക്രട്ടറി - ശ്രീമതി. മിനി ഔസേപ്പ്

•ജോയിൻറ് സെക്രട്ടറി - ശ്രീ. സെബു

•ട്രഷറർ - ശ്രീ. ജോസ്

•മെമ്പേഴ്സ്- ശ്രീമതി. ബീന ഡേവിസ്,

ഫാ.ആൻറണി ഫ്രാൻസിസ് സി.എം.ഐ

- ദർശന ക്ലബ്ബ് പുതിയ ഭരണസമിതി അംഗങ്ങൾ 2024-2025 :-

•ഡയറക്ടർ - റവ.ഫാ. സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ

•പ്രസിഡൻറ് - ശ്രീ. ഷിബിൻ ഹാരി കെ

•വൈസ് പ്രസിഡൻറ് - ശ്രീ. വിപിൻ വർഗീസ്

•സെക്രട്ടറി - കുമാരി. സിനി .കെ. സെബാസ്റ്റ്യൻ

•ജോയിൻ സെക്രട്ടറി - കുമാരി. ജ്വലന

•ട്രഷറർ - ഡോ. സാന്ദ്ര

•മെമ്പേഴ്സ് - ശ്രീ. ബിനു മണവാളൻ, ശ്രീ. പ്രിൻസ്

## ദർശനയുടെ ദേശഭക്തി:-

ജനുവരി 26 ഇന്ത്യയുടെ റിപ്പബ്ലിക് ദിനവും ഓഗസ്റ്റ് പതിനഞ്ചാം തീയതി സ്വാതന്ത്ര്യദിനാഘോഷവും ദർശനയുടെ അയ്യന്തോളിൽ ഉള്ള താൽക്കാലിക ഓഫീസിൽ വച്ച് ഇന്ത്യയുടെ ദേശീയ പതാക ഉയർത്തി ദേശത്തോടുള്ള ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു.




## ദർശനോത്സവ്-2023:-






2023 ഏപ്രിൽ ഒന്നാം തീയതി തൃശ്ശൂർ ബിഷപ്പ് ഹൗസിനു സമീപമുള്ള ഡി.ബി.സി.എൽ.സി ഓഡിറ്റോറിയത്തിൽ വച്ച് തൃശ്ശൂർ സി.എം.ഐ ദേവമാതാ പ്രൊവിൻസിന്റെ പ്രൊവിൻഷ്യൽ ഫാ.ഡേവിസ് പനക്കൽ സി.എം.ഐ യുടെ അധ്യക്ഷതയിൽ കേരള ദേവസ്വം ബോർഡ് വകുപ്പ് മന്ത്രി ശ്രീ.കെ.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യുകയും തൃശ്ശൂർ സിറ്റി പോലീസ് കമ്മീഷണർ ശ്രീ.അങ്കിത്ത് അശോകൻ മുഖ്യാതിഥിയായി പങ്കെടുക്കുകയും തൃശൂർ അതിരൂപത സഹായ മെത്രാൻ ബിഷപ്പ്

മാർ. ടോണി നീലങ്കാവിൽ അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു. 200 ഓളം ദർശന കുടുംബാംഗങ്ങൾ തദവസരത്തിൽ സന്നിഹിതരായിരുന്നു.

## ദർശന അവാർഡ്:-



2023 ഏപ്രിൽ ഒന്നാം തീയതി നടത്തപ്പെട്ട ദർശനോത്സവം വാർഷിക ആഘോഷത്തിൽ വച്ച് ദർശനയുടെ മികച്ച ഭിന്നശേഷി സാമൂഹ്യ പ്രവർത്തനത്തിനുള്ള അവാർഡ് പീയൂസ് കോട്ടപ്പുറത്തിനും ദർശനയുടെ മികച്ച സാമൂഹിക പ്രവർത്തകനുള്ള അവാർഡ് ശ്രീ. ഷിബു ആറ്റപറമ്പനും ദർശനയുടെ മികച്ച കായിക താരത്തിനുള്ള അവാർഡ് ശ്രീ. അഖിൽ ലാൽ തൈക്കാട്ടുശ്ശേരിക്കും നൽകി ആദരിച്ചു.

## ദർശനയുടെ സ്ഥാപകന്റെ അമ്പതാം ജന്മദിനം:-

2023 ഏപ്രിൽ ഒന്നാം തീയതി ദർശനോത്സവത്തോടനുബന്ധിച്ച് ഫാ.സോളമൻ കടമ്പാട്ടുപറമ്പിൽ സി.എം.ഐ യുടെ അമ്പതാം ജന്മദിനാഘോഷം കേക്ക് മുറിക്കുകയും കലാപരിപാടികൾ നടത്തുകയും ചെയ്തുകൊണ്ട് സാഘോഷം കൊണ്ടാടി.

## ഭിന്നശേഷിക്കാർക്ക് ദർശനയുടെ ധനസഹായം:-

2023 ഏപ്രിൽ ഒന്നാം തീയതി ദർശനോത്സവത്തോടനുബന്ധിച്ച് ഭിന്നശേഷിക്കാർക്ക് മരുന്നു വാങ്ങുന്നതിനായി ധനസഹായം നൽകി. 2023 ഡിസംബർ പത്താം തീയതി എയ്ഞ്ചൽസ് ഡേ പ്രോഗ്രാമിൽ വെച്ച്

25 ഓളം ദർശനയുടെ നിർധനരായ വ്യക്തികൾക്ക് ധനസഹായം നൽകി. ഭിന്നശേഷിക്കാരായ നിർധനരായ വ്യക്തികളുടെ അപേക്ഷ സ്വീകരിച്ച് സാധ്യമാകുന്ന ധനസഹായങ്ങൾ പലപ്പോഴായി ദർശന സർവീസ് സൊസൈറ്റി കൊടുത്തുവരുന്നു.

## ദർശനയുടെ ഓർക്കസ്ട്ര പ്രോഗ്രാം:-

2023 ഡിസംബർ 13 ന് ഓർക്കസ്ട്രാ ടീം ഒരു കരോക്ക പ്രോഗ്രാം നടത്തുകയുണ്ടായി. താവോ വിഷന് വേണ്ടി ദർശനയുടെ ഓർക്കസ്ട്രാ ടീം

ഗാഗുൽത്താ റിട്രീറ്റ് സെൻററിലെ സ്റ്റുഡിയോയിൽ വച്ച് പാട്ടുപാടുകയും താവോ യൂട്യൂബിൽ അത് പ്രചാരം നേടുകയും ചെയ്തു.

## സ്നേഹസംഗമം:-

എല്ലാ ശനിയാഴ്ചകളിലും ഉച്ചയ്ക്ക് 1.30 ന് നടത്തപ്പെടുന്ന ഒരു പ്രോഗ്രാമാണ് സ്നേഹസംഗമം. മതനേതാക്കന്മാരിലൂടെ ഉദ്ഘാടനം ചെയ്യപ്പെടുകയും ഗവൺമെന്റിലെ വിവിധ ഡിപ്പാർട്ട്മെൻ്റിലെ വ്യക്തികൾ അവരവരുടെ ഡിപ്പാർട്ട്മെൻറ് പരിചയപ്പെടുത്തുകയും ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള കാര്യങ്ങൾ പറഞ്ഞു തരികയും ചെയ്യുന്ന ഒരു പ്രോഗ്രാമാണ് സ്നേഹസംഗമം. 144 - മത് സ്നേഹസംഗമം ആണ് നടത്തിവരുന്നത്.




## ഓണാഘോഷവും ക്രിസ്തുമസ് ആഘോഷവും:-

ഓണ നാളുകളിലും ക്രിസ്തുമസ് നാളുകളിലും ഓൺലൈനിലൂടെ മത്സരങ്ങളും സ്നേഹ സംഗമത്തിലൂടെ കൂടിച്ചേരലുകളും നടത്തപ്പെട്ടു. ഓണ നാളുകളിൽ ഭക്ഷണ കിറ്റുകളും ക്രിസ്തുമസ് നാളുകളിൽ കേക്ക് വിതരണവുമായി ഫാദർ സോളമൻ ഭിന്നശേഷിക്കാരുടെയും ദർശന ഭാരവാഹികളുടെയും ഭവനങ്ങളിൽ എത്തിച്ചേരുകയുണ്ടായി.

## എക്സോസിയ 2023:-






2023 മെയ് 13ആം തീയതി തൊടുപുഴയിലെ നാഥോപാസന ഓഡിറ്റോറിയത്തിൽ വച്ച് പൊക്കം കുറഞ്ഞവരുടെ ഓണാഘോഷം എക്സോസിയ 2023 എന്ന പേരിൽ നടത്തപ്പെട്ടു. അന്നേദിവസം എത്തിച്ചേർന്ന എല്ലാവർക്കും പച്ചക്കറി വിത്ത് വിതരണം നടത്തുകയും ഒരു ചെറിയ ഗിഫ്റ്റും നൽകുകയും ചെയ്തു.

## ദർശനയുടെ സുഹൃത്തുക്കളുടെ സഹായം:-

വിവിധങ്ങളായ കോർപ്പറേറ്റ്സിലെയും (ജോയ് ആലുക്കാസ്, മുത്തൂറ്റ്) ദർശനയുടെ പ്രവർത്തനങ്ങളെ സ്നേഹിക്കുന്ന നിരവധിയായ സുഹൃത്തുക്കളുടെയും സഹായസഹകരണം (സാമ്പത്തികവും, മാനസികവും, വ്യക്തിപരവും) കൊണ്ടാണ് ദർശനയുടെ അത്യപൂർവ്വമായ വളർച്ചയ്ക്ക് അടിസ്ഥാനമാകുന്നത് . ദർശന ഫ്രണ്ട്സ് , ഡിഎസ് എസ് ഫ്രണ്ട്സ് എന്ന വാട്ട്സാപ്പ് കൂട്ടായ്മകൾ ഇതിനുവേണ്ടി നില നിൽക്കുന്നു.

## വേൾഡ് ഡ്വാർഫ് ഗെയിംസിലെ മിന്നും താരം സിനി കെ സെബാസ്റ്റ്യന് ആദരം:-





ജർമ്മനിയിൽ വച്ച് നടന്ന ഗെയിംസിൽ സിനി കെ സെബാസ്റ്റ്യനോടൊപ്പം സഹോദരനും ഫാ. സോളമനും പങ്കെടുക്കുകയുണ്ടായി. ഈ വേൾഡ് ഡ്വാർഫ് ഗെയിംസിൽ സിനി നാല് സ്വർണവും ഒരു വെള്ളിയും കരസ്ഥമാക്കി. ദർശനയുടെ യശസ്സ് അന്തർദേശീയ തലത്തിലേക്ക് എത്തിച്ച സിനിക്ക് കേരളത്തിലെ തൃശ്ശൂരിൽ ഉള്ള പുറനാട്ടുകരയിലെ ജാസ്നോ എഡ്യൂ സ്പോർട്സ് സെൻററിൽ വച്ച് ഒരു വലിയ സ്വീകരണം നൽകുകയും ദേശത്തിന്റെയും ദർശനയുടെയും ആദരം നൽകുകയും ചെയ്തു. മിന്നും താരമായ സിനിക്ക് സ്വദേശത്ത് പൗരാവലിയുടെയും മറ്റു സംഘടനകളുടെയും പള്ളിയുടെയും നേതൃത്വത്തിൽ റോഡ് ഷോ പ്രോഗ്രാമും വൻ സ്വീകരണവും ആദരവും നൽകുകയുണ്ടായി.

## വീൽചെയർ ബാസ്ക്കറ്റ്ബോൾ പ്രകടനം:-






2023 ഏപ്രിൽ 13ന് കൊടകര സഹൃദയ കോളേജിൻറെ ക്ഷണപ്രകാരം വീൽചെയർ ബാസ്ക്കറ്റ്ബോൾ ടീം അംഗങ്ങൾക്ക് ഒരു സൗഹൃദ ഷോ മാച്ച് നടത്തുവാൻ അവസരം ലഭിച്ചു. എല്ലാ ഞായറാഴ്ചകളിലും വീൽചെയർ ബാസ്ക്കറ്റ്ബോൾ ടീം അംഗങ്ങൾ മുണ്ടൂർ നിർമ്മൽ ജ്യോതി സ്കൂളിൽ വച്ച് ബാസ്ക്കറ്റ്ബോൾ പരിശീലനം നടത്തിവരുന്നു. മുണ്ടൂർ നിർമ്മൽ ജ്യോതി സ്കൂളിൽ വച്ച് ഇന്ത്യയിൽ തന്നെ ആദ്യമായി 'ഡേപ്സ് 2023' എന്ന പേരിൽ നടത്തപ്പെട്ട 3*3 വീൽചെയർ ബാസ്ക്കറ്റ്ബോൾ ടൂർണ്ണമെൻറ് അരങ്ങേറി. 37 വീൽചെയർ ബാസ്ക്കറ്റ്ബോൾ കായികതാരങ്ങൾ അതിൽ പങ്കെടുത്തു. 2023 മാർച്ച് ഒന്നിന് മലപ്പുറം ജില്ലയിലെ വലിയകുളത്തെ അസഭ ആൻഡ് ആർട്സ് കോളേജിൽ പുതിയ ബാസ്ക്കറ്റ്ബോൾ കോർട്ടിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് അന്നേദിവസം ദർശന വീൽചെയർ ബാസ്ക്കറ്റ്ബോൾ ടീം അംഗങ്ങൾക്ക് ഒരു ഷോ മാച്ച് നടത്താൻ അവസരം കിട്ടി.

## ലാപ്ടോപ്പ്:-

കുര്യാക്കോസ് ഏലിയാസ് സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ദർശന സർവീസ് സൊസൈറ്റിയുടെ രണ്ട് അംഗങ്ങൾക്ക് പകുതി വിലയിൽ എച്ച്പി ലാപ്ടോപ്പ് ലഭ്യമായി.

## ദർശന ക്ലബ്ബ് യൂട്യൂബ് മാർഗദർശി എന്ന പ്രോഗ്രാം:-

2019 കൊറോണ കാലഘട്ടത്തിൽ ഫാദർ സോളമനാൽ ആരംഭിക്കപ്പെട്ട ദർശന ക്ലബ്ബിന്റെ യൂട്യൂബിലെ മാർഗദർശികൾ എന്ന പ്രോഗ്രാം ജനശ്രദ്ധ ആകർഷിച്ചു കഴിഞ്ഞു. മാർഗ്ഗദർശികൾ എന്ന അഭിമുഖത്തിൽ ഏകദേശം 450 ഭിന്നശേഷി മക്കൾ പങ്കെടുക്കുകയുണ്ടായി.




## ഭിന്നശേഷിക്കാരുടെ ദർശന ക്ലബ്ബ് യൂട്യൂബ് ശ്രദ്ധാകേന്ദ്രം:-

ദർശന ക്ലബ്ബിൻറെ യൂട്യൂബ് ചാനലിലൂടെ മാർഗ്ഗദർശികൾ എന്ന പ്രോഗ്രാമും സ്നേഹസംഗമം, കനവ് എന്നീ പ്രോഗ്രാമുകളും നടത്തിവരുന്നു. അതിൽ ദർശന ന്യൂസ് ജനശ്രദ്ധ ആകർഷിച്ചുവരുന്നു. 8000ത്തിൽ പരം സബ്സ്ക്രൈബേഴ്സ് യൂട്യൂബിൽ ഉണ്ട്.

## പാരാ അത്ലറ്റ് മീറ്റ്:



ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിൽ വച്ച് സ്പോർട്സ് അസോസിയേഷൻ ഫോർ ഡിഫറൻലി ഏബിൾഡ് ഓഫ് തൃശൂർ (SADAT) ൻറെയും ദർശന ക്ലബ്ബിന്റെയും ദർശന സർവീസ് സൊസൈറ്റിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ മൂന്നാമത്തെ പാരാ അത്ലറ്റ് മീറ്റ് 2023 നടത്തപ്പെട്ടു. മീറ്റിനൊടൊപ്പം രണ്ടാമത്തെ വടംവലി മത്സരവും പ്രഥമ പഞ്ചഗുസ്തി മത്സരവും അരങ്ങേറി. 61 ഓളം കായികതാരങ്ങൾ പങ്കെടുത്തു.



<u>എയ്ഞ്ചൽസ് ഡേ:-</u>



ദർശന സർവീസ് സൊസൈറ്റിയുടെ ഭാഗമായ അവർ ലേഡി ഓഫ് സോറോസിന്റെ നേതൃത്വത്തിൽ 2023 ഡിസംബർ പത്താം തീയതി പോപ്പ് പോൾ പീസ് ഹോമിൽ വച്ച് എയ്ഞ്ചൽസ് ഡേ എന്ന ക്രിസ്തുമസ് സെലിബ്രേഷൻ നടത്തപ്പെട്ടു. ദർശനയുടെ വിധവകളായ അമ്മച്ചിമാരും ദർശനയുടെ ഭിന്നശേഷിക്കാരും പോപ്പ് പോൾ പീസ് ഹോമിലെ ഭിന്നശേഷിക്കാരോടൊപ്പമായിരുന്നു ക്രിസ്തുമസ് സെലിബ്രേഷൻ നടത്തിയത്. അവരുടെ വാർഡുകളിൽ പുൽക്കൂടും നക്ഷത്രങ്ങളും മാല ബൽബുകളും നൽകുകയും അവരോടൊപ്പം ഭക്ഷിക്കുകയും സന്തോഷിക്കുകയും ചെയ്ത ദിവസമായിരുന്നു എയ്ഞ്ചൽസ് ഡേ.

## ദർശന പൈതങ്ങളോടൊപ്പം:-

2023 ഡിസംബർ 23ന് ദർശന ഭാരവാഹികൾ നിർധനരായ 25 ഓളം പൈതങ്ങളെ വിളിച്ചു കൂട്ടുകയും അവർക്കായി കേക്കും അവർക്ക് ആവശ്യമായിട്ടുള്ള പഠനോപകരണങ്ങളും ചെറിയ ധനസഹായവും നൽകി ക്രിസ്തുമസ് ആഘോഷിച്ചു.





## ഓൺലൈൻ മത്സരങ്ങൾ:-

വിവിധ ഗ്രൂപ്പുകളിൽ നിന്ന് പലതരം മത്സരങ്ങളും ഓൺലൈനിലൂടെ നടത്തപ്പെടുകയുണ്ടായി. ദർശന ലിറ്റിൽ ബ്രദറൻ ഗ്രൂപ്പിൻറെ ഭാഗത്തുനിന്ന് തനിമ എന്ന പ്രോഗ്രാമും ക്രിസ്തുമസ് കാർഡ് മത്സരവും തിരുഹൃദയ ഗ്രൂപ്പിൻറെ ഭാഗത്തുനിന്ന് തിരുവോണപ്പുലരി എന്ന പ്രോഗ്രാമും നക്ഷത്ര

2023 എന്ന പേരിൽ നക്ഷത്ര നിർമ്മാണ മത്സരവും ഹെവൻലി സ്റ്റാർസ് എന്ന കൂട്ടായ്മയുടെ നേതൃത്വത്തിൽ പ്രസംഗ മത്സരവും നടത്തപ്പെട്ടു. തിരുഹൃദയ ഗ്രൂപ്പിൻറെ ഭാഗത്തുനിന്നും ഒക്ടോബർ മാസത്തിൽ പ്രകൃതിയിൽ നിന്നുള്ള വസ്തുക്കൾ ഉപയോഗിച്ച് ജപമാല നിർമ്മാണ മത്സരം നടത്തുകയും സമ്മാനം നൽകുകയും ചെയ്തു. നവംബർ മാസത്തിൽ അവർ ലേഡി ഓഫ് സോറോസ് ഗ്രൂപ്പിൻറെ നേതൃത്വത്തിൽ എൻറെ അടുക്കള എന്ന യൂട്യൂബ് പ്രോഗ്രാം നടത്തുകയുണ്ടായി.

## നീന്തൽ പരിശീലനവും മത്സരങ്ങളും:-






ദർശന സ്വിമ്മിംഗ് ഗ്രൂപ്പിൻറെ നേതൃത്വത്തിൽ ജൂൺ - ജൂലൈ മാസങ്ങളിൽ നീന്തൽ പഠിക്കാൻ ആഗ്രഹിക്കുന്ന ഭിന്നശേഷിക്കാരായ വ്യക്തികൾക്കുള്ള പരിശീലനങ്ങളും ഒക്ടോബർ മാസത്തിൽ നീന്തൽ മത്സരവും നടത്തപ്പെട്ടു. തുടർന്ന് സംസ്ഥാനതല നീന്തൽ മത്സരത്തിനു വേണ്ടിയുള്ള പരിശീലനങ്ങളും അതിനെ തുടർന്ന് ഫെബ്രുവരി പത്താം തീയതി തൃശ്ശൂരിലെ പുറനാട്ടുകരയിലെ ജാസ്നോ എഡ്യൂ സ്പോർട്സ്

സെൻററിൽ വച്ച് കേരള സംസ്ഥാന നീന്തൽ ചാമ്പ്യൻഷിപ്പും നടത്തപ്പെടുകയുണ്ടായി. ദേശീയ തല നീന്തൽ ചാമ്പ്യൻഷിപ്പിലേക്ക് യോഗ്യരായ ദർശനയുടെ 8 ഓളം ഭിന്നശേഷിക്കാർക്കും മറ്റു യോഗ്യരായ ഭിന്നശേഷിക്കാർക്കും ദർശനയുടെ നേതൃത്വത്തിൽ സ്പോർട്സ് കൗൺസിലിന്റെ അംഗീകാരത്തോടെ മാർച്ച് 17 മുതൽ മാർച്ച് 26 വരെ ഒരു ക്യാമ്പും നൽകുന്നുണ്ട്. തുടർന്ന് നീന്തൽ താരങ്ങളെ മധ്യപ്രദേശിലെ ഗ്വാളിയാറിലുള്ള അടൽ ബിഹാരി അകാട്ടിക് കോംപ്ലക്സിലേക്ക് മത്സരത്തിനായി ഫാ. സോളമന്റെ നേതൃത്വത്തിൽ കൊണ്ടുപോകുവാൻ തീരുമാനിക്കുകയും ചെയ്തു.

## ബ്ലൈൻഡ് ചെസ്സ് ചാമ്പ്യൻഷിപ്പ്:-





ദർശന സർവീസ് സൊസൈറ്റി, കേരള ചെസ്സ് അസോസിയേഷൻ ഫോർ ദി ബ്ലൈൻഡ് എന്നിവയുടെ നേതൃത്വത്തിൽ തൃശ്ശൂർ പട്ടിക്കാട് ഉള്ള സ്നേഹാലയത്തിൽ വെച്ച് മാർച്ച് 8,9 തീയതികളിൽ ഒരു സംസ്ഥാനതല ബ്ലൈൻഡ് ചാമ്പ്യൻഷിപ്പ് നടത്തപ്പെടുകയുണ്ടായി. പ്ലാറ്റൂൺ ക്ലബ്ബ് , റാണി മേനോൻ ഐ ഹോസ്പിറ്റൽ എന്നിവയുടെ സഹായസഹകരണത്തോടെ എല്ലാവിധ സൗകര്യങ്ങളും മത്സര വിജയികൾക്കുള്ള സമ്മാനങ്ങളും കൊടുക്കുവാൻ സാധിച്ചു.

## ദർശന ഹോം:-

ദർശനയുടെ പി.ആർ.ഒ പീയൂസ് കോട്ടപ്പുറത്തിനും നീന്തൽ താരം സിനി കെ സെബാസ്റ്റ്യനും സ്വപ്നഭവനം എന്നത് സാഫല്യമായി. മുത്തൂറ്റ് ഫിനാൻസ് ഗ്രൂപ്പിൻറെ നേതൃത്വത്തിൽ സിനി കെ സെബാസ്റ്റ്യനും ദർശന സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പീയൂസ് കോട്ടപ്പുറത്തിനും ഭവനങ്ങൾ നിർമ്മിച്ചു നൽകുകയുണ്ടായി.




<u>പാദക്ഷാളനം:-</u>

ഫാദർ സോളമന്റെ നേതൃത്വത്തിൽ 12 ഭിന്നശേഷിക്കാരുടെ കാൽകഴുകൽ ശുശ്രൂഷയും 14 വീടുകളിൽ ചെന്ന് കുരിശിന്റെ വഴിയും നടത്തപ്പെട്ടു.




<u>കൈകോർക്കാം ചേർത്തുനിർത്താം:-</u>



തൃശ്ശൂരിൽ  ദർശനയുടെ അപേക്ഷ പരിഗണിച്ച് ആർടിഒയുടെ നേതൃത്വത്തിൽ നടത്തിയ അദാലത്തിൽ വെച്ച് പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം 45 ഓളം ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് ലേണേഴ്സ് ലൈസൻസും ഡ്രൈവിംഗ് ലൈസൻസും ഈ കാലയളവിൽ രണ്ട് ഘട്ടങ്ങളായി കൊടുക്കുവാൻ സാധിച്ചു. പാലക്കാട് ജില്ലയിൽ ഇതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരള സംസ്ഥാനം 'കൈകോർക്കാം ചേർത്തുനിർത്താം'എന്ന പേരാണ് ഇതിനായി നൽകിയത്.

## ബ്ലൈൻഡ് ഫുട്ബോൾ:-






ദർശനയുടെ നേതൃത്വത്തിൽ കഴിഞ്ഞ മൂന്നു വർഷങ്ങളായി ബ്ലൈൻഡ് ഫുട്ബോളിന് വേണ്ടി കാഴ്ച പരിമിതരായ കുട്ടികളെ ഒരുക്കുകയും മത്സരത്തിനായി അയയ്ക്കുകയും ചെയ്തു. ഗോവ, ജംഷഡ്പൂർ,ചെന്നൈ

തിരുവനന്തപുരം എന്നിവിടങ്ങളിൽ മത്സരങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. ചിറ്റിലപ്പിള്ളി ഗ്രിഡ് ടർഫ്, ഡിസ്ട്രിക്ട് ഫൈവ്സ്,കുട്ടനല്ലൂർ സ്പോടക്കർ ടർഫ്, അയ്യന്തോൾ അംഫീൽഡ് ടർഫ് എന്നിവിടങ്ങളിൽ ഇവർക്ക് പരിശീലനം നൽകുന്നുണ്ട്.

## പ്രാർത്ഥനയും പരിത്യാഗവും:-

ദർശനയുടെ ആത്മീയ തലങ്ങളിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾ പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും പരസ്പരം സ്നേഹിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തുവരുന്നു

## പഞ്ചഗുസ്തി ഇനത്തിലും ദർശനയുടെ തുടക്കം:-



ഇരിഞ്ഞാലക്കുട ക്രൈസ്റ്റ് കോളേജിൽ വച്ച് അത്‌ലറ്റ് മീറ്റിനോടൊപ്പം പഞ്ചഗുസ്തി മത്സരവും നടത്തപ്പെട്ടു. ഡിസംബർ രണ്ടിന് കുട്ടനെല്ലൂരിലുള്ള സ്പോട്ടക്കർ ടർഫിൽ വെച്ച് നടത്തിയ 45 - മത് തൃശൂർ ജില്ല പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പിൽ ദർശനയുടെ ഷിമിന് സ്വർണ്ണ തിളക്കം കരസ്ഥമാക്കാൻ സാധിച്ചു

## ഡ്വാർഫ് ഫുട്ബോൾ:-

പൊക്കം കുറഞ്ഞവർക്ക് വേണ്ടി ഫുട്ബോൾ പരിശീലനം നൽകുവാനും തുടർന്ന് അവരെ മത്സരത്തിനായി അയക്കുവാനും ദർശന ഡ്വാർഫ് ഫുട്ബോൾ ടീം 2024 ജനുവരി 7 ന് രൂപീകരിച്ചു.

## <u>വൈറ്റ് കെയ്ൻ ഡേ ദിനാചരണം:-</u>






2023 ഒക്ടോബർ പതിനഞ്ചാം തീയതി ദർശന സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ലയൺസ് ക്ലബ്ബിന്റെ സഹായസഹകരണത്തോടെ തൃശ്ശൂർ തെക്കേ ഗോപുര നടയിൽ വെച്ച് വൈറ്റ് കെയ്ൻ ഡേ ദിനാചരണം നടത്തപ്പെട്ടു. അമ്പതോളം കാഴ്ച പരിമിതർ എത്തിച്ചേർന്ന ഈ പരിപാടി ശിങ്കാരിമേളത്തിന്റെ അകമ്പടിയോടെ ജില്ലാ കളക്ടർ കൃഷ്ണ തേജ ഉദ്ഘാടനം ചെയ്ത റാലിയിൽ ഏകദേശം 200ഓളം ലയൺസ് ക്ലബ്ബ് അംഗങ്ങളും ദർശന ക്ലബ് ഭാരവാഹികളും പങ്കെടുക്കുകയുണ്ടായി.

## <u>കാഴ്ച പരിമിതർക്ക് വേണ്ടിയുള്ള ക്യാമ്പ്:</u>-

ദർശനയുടെ കാഴ്ച പരിമിതരായ ഏകദേശം 35 ഓളം വ്യക്തികൾ ക്രൈസ്റ്റ് കോളേജിൽ ഓണാഘോഷത്തോടനുബന്ധിച്ച് നടത്തപ്പെട്ട ക്യാമ്പിൽ

പങ്കെടുക്കുകയുണ്ടായി. പിക്നിക്, മത്സരങ്ങൾ, മോട്ടിവേഷൻ ക്ലാസുകൾ എന്നിവയാണ് ഈ ക്യാമ്പിൽ ഉൾക്കൊള്ളിച്ചിരുന്നത് .

## തൃശൂർ പൂരം എക്സിബിഷനിൽ ദർശനയുടെ സാന്നിധ്യം:-




തൃശ്ശൂർ പൂരത്തോട് അനുബന്ധിച്ച് നടത്തപ്പെട്ട എക്സിബിഷനിൽ ദർശനയുടെ സ്റ്റാളിന് ജനശ്രദ്ധ ലഭിക്കുകയുണ്ടായി. ഭിന്നശേഷിക്കാർ നിർമ്മിച്ച വിവിധ നിത്യോപയോഗ സാധനങ്ങൾ ആണ് വില്പനയ്ക്കായി സജ്ജീകരിക്കപ്പെട്ടിരുന്നത്.

## ദർശന അവാർഡ് 2024:-

കഴിഞ്ഞ വർഷങ്ങളിലായി സ്ഥിരമായി നടത്തിവരുന്ന ദർശന അവാർഡ് ഈ വർഷവും 'ദർശന അവാർഡ് 2024' എന്ന പേരിൽ ദർശനവാർഷികാഘോഷത്തോടൊപ്പം നടത്തപ്പെടുന്നു.

- ദർശനയുടെ മികച്ച ഭിന്നശേഷി സാമൂഹിക പ്രവർത്തകൻ- പ്രിൻസ് ചങ്ങനാശ്ശേരി
- ദർശനയുടെ മികച്ച ഭിന്നശേഷി സാമൂഹിക പ്രവർത്തക -ലീന നാട്ടിക
- ദർശനയുടെ മികച്ച ഭിന്നശേഷി കായികതാരം ലിജി അങ്കമാലി
- ദർശനയുടെ മികച്ച സാമൂഹിക പ്രവർത്തക- ബീന ഡേവിസ് എന്നിവർക്കാണ് അവാർഡുകൾ നൽകപ്പെട്ടത്.

## വാർഷികാഘോഷം:-

2024 മാർച്ച് പതിനാറാം തീയതി ദർശന വാർഷികാഘോഷം കൊണ്ടാടുവാൻ ദർശന കുടുംബാംഗങ്ങൾ തീരുമാനിച്ചു. ഈ വാർഷികാഘോഷത്തിൽ മികച്ച സാമൂഹിക പ്രവർത്തകർക്കും കായികതാരത്തിനുമുള്ള അവാർഡുകളും നൽകപ്പെട്ടു. അതോടൊപ്പം

ഫാദർ സോളമനച്ചന്റെ നാമഹേതു തിരുനാൾ ആഘോഷവും ജന്മദിനവും ആഘോഷിച്ചു.